പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2866 18.08.2017 -ൽ മറുപടിക്ക്

## സ്മാർട്ട് വില്ലേജ് ഓഫീസുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ടി. വി. ഇബ്രാഹിം | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകൾ, ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തി സ്മാർട്ടാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ; എങ്കിൽ ഇതിനായി ചെയ്ത കാര്യങ്ങൾ അറിയിക്കാമോ; | (എ) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ ജനസൗഹൃദ ഓഫീസുകളാക്കി മാറ്റി അവയിൽ നിന്ന് വേഗത്തിലും (Speedy) ആധുനിക രീതിയിലുള്ള അന്തരീക്ഷത്തിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുക എന്ന ഉദ്ദേശത്തോടു കൂടിയാണ് സ്മാർട്ട് (SMART) റവന്യൂ ഓഫീസ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഇതനുസരിച്ച് വില്ലേജ് ഓഫീസുകളിൽ നിന്നുള്ള സേവനങ്ങൾ പൗരന് ഏത് സമയത്തും എവിടെവച്ചും (Any time Any where) ലഭ്യമാക്കുവാനാണ് ലക്ഷ്യമിടുന്നത്.<br>ഇതിനായി 2013-14 വർഷം മുതൽ പ്ലാൻ സ്കീമിൽ ഫണ്ട് വകയിരുത്തുകയും I, II, III. IV, V ഘട്ടങ്ങളിലായി 55 വില്ലേജാഫീസുകളെ ടി സ്കീമിൽ ഉൾപ്പെടുത്തുകയും ഇതിൽ 24 വില്ലേജാഫീസുകളുടെ പണികൾ പൂർത്തീകരിക്കുകയും ബാക്കിയുള്ളവയുടെ പണികൾ പുരോഗമിക്കുകയും ചെയ്യുന്നു. |
| (ബി) തദ്ദേശസ്ഥാപനങ്ങളുടെ പദ്ധതിച്ചെലവോ, തനത് ഫണ്ടോ, മറ്റ് ഫണ്ടോ ഉപയോഗിച്ച് വില്ലേജ് ആഫീസുകളുടെ അടിസ്ഥാന സൗകര്യവികസനം, ആധുനികവൽക്കരണം എന്നിവ ചെയ്യാൻ വ്യവസ്ഥയുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | (ബി) സംസ്ഥാനത്തെ വില്ലേജാഫീസുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി നടപ്പു സാമ്പത്തിക വർഷം (2017-18) പൊതുമരാമത്ത് വകുപ്പിന്റെ 2059-01-051-81-17, 4059-01-051-61-18 ബഡ്ജറ്റ് ശീർഷകങ്ങളിൽ യഥാക്രമം 7 കോടി രൂപയും 8 കോടി രൂപയുമായി ആകെ 15 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| (സി) സർക്കാർ നേരിട്ട് ചെയ്യുക യാണെങ്കിൽ ഇതിന് വേണ്ടി എത്ര തുക നീക്കി വെച്ചിട്ടുണ്ടെന്ന് അറിയിക്കാമോ ? | (സി) 2017-18 സാമ്പത്തിക വർഷത്തിൽ സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതിയ്ക്കായി റവന്യൂ വകുപ്പിന്റെ 2029-00-001-98 എന്ന ബഡ്ജറ്റ് ശീർഷകത്തിൽ 15 കോടി രൂപയും പൊതുമരാമത്ത് വകുപ്പിന്റെ 4059-01-051-60 എന്ന ബഡ്ജറ്റ് ശീർഷകത്തിൽ 10 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ